## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1079 — 20-03-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പട്ടയത്തിനുവേണ്ടിയുള്ള അപേക്ഷകൾ

| ചോദ്യം<br>ശ്രീ. സാജുപോൾ | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ) കേരളത്തിൽ ഭൂമിയുടെ പട്ടയത്തിനു വേണ്ടിയുള്ള അപേക്ഷകൾ ദീർഘകാലമായി കെട്ടിക്കിടക്കുന്നതായും ഇതു കാരണം ജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ബി) പട്ടയത്തിന് വേണ്ടിയുള്ള അപേക്ഷകളുടെ എണ്ണം വളരെ കൂടുതലായതിനാലും അപേക്ഷകർ മതിയായ രേഖകൾ ഹാജരാക്കുന്നതിൽ കാലതാമസം വരുത്തുന്നതു മൂലവുമാണ് പട്ടയ വിതരണത്തിന് കാലതാമസം നേരിടുന്നത്. നിലവിലുള്ള ഭൂമി പതിവ് നിയമങ്ങൾ പ്രകാരം പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ